# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2859 — 02.04.2013 ന് മറുപടിയ്ക്ക്

### ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) തുടർച്ചാനുമതി നൽകാത്തതിന്റെ പേരിൽ സംസ്ഥാനത്ത് റവന്യൂ വകുപ്പിലെ എത്ര ജീവനക്കാർക്കാണ് കഴിഞ്ഞ മാസങ്ങളിൽ ശമ്പളം ലഭിക്കാത്തത് എന്ന് വ്യക്തമാക്കുമോ; എത്ര മാസങ്ങളായി ഇവർക്ക് ശമ്പളം ലഭിക്കുന്നില്ല എന്നു വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് 103 ലാന്റ് അക്വിസിഷൻ യൂണിറ്റുകളിലെ 1568 താത്കാലിക തസ്തികകൾക്ക് 31.08.2013 വരെ തുടർച്ചാനുമതി നൽകിക്കൊണ്ട് 20.03.2013-ലെ. സ.ഉ.(സാധാ) നം. 1583/2013/ആർ.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തികൾക്കുവേണ്ടി ലാന്റ് റവന്യൂ വകുപ്പിന് അനുവദിച്ചിട്ടുള്ള 546 താത്കാലിക തസ്തികകൾക്കും താലൂക്ക് ലാന്റ് ബോർഡുകൾ, കളക്ടറേറ്റുകൾ, ആഡിറ്റർ സ്റ്റാഫ്, ഭൂപരിഷ്കരണ പ്രവർത്തികൾക്കായുള്ള 370 താല്കാലിക തസ്തികകൾക്കും 31.03.2013 വരെ തുടർച്ചാനുമതി നൽകിക്കൊണ്ട് യഥാക്രമം 12.3.2013-ലെ സ.ഉ.(സാധാ) നം.1331/2013/ആർ.ഡി. പ്രകാരവും 25.03.2013-ലെ സ.ഉ.(സാധാ) നം. 1725/2013/റ.വ. പ്രകാരവും ഉത്തരവായിട്ടുണ്ട്. തുടർച്ചാനുമതിയിൽ പ്രവർത്തിച്ചു വരുന്ന ശേഷിച്ച താൽകാലിക തസ്തികൾക്ക് തുടർച്ചാനുമതി നൽകുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) തുടർച്ചാനുമതി നൽകാത്തതു മൂലം ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ല എന്നു കാണിച്ചും ഈ പ്രശ്നം അടിയന്തിരമായി പരിഹരിച്ച് റവന്യൂ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കണെമെന്നും ആവശ്യപ്പെട്ട് ഏതെല്ലാം സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) തുടർച്ചാനുമതി നൽകാത്തതുമൂലം ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ല എന്നു കാണിച്ചും ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കണെമെന്നാവശ്യപ്പെട്ടും വിവിധ സംഘടനാ നേതാക്കൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| (സി) തുടർച്ചാനുമതിയുടെ പേരിൽ റവന്യൂ ജീവനക്കാർക്ക് ശമ്പളം വൈകുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;<br>(ഡി) പ്രസ്തുത നടപടി മേലിൽ ഉണ്ടാകാതിരിക്കുവാനും ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) & (ഡി) താത്കാലികമായി വരുന്ന അടിയന്തിര ജോലികൾ നിർവ്വഹിക്കുന്നതിനാണ് റവന്യൂ വകുപ്പിൽ താത്ക്കാലിക തസ്തികകൾ അനുവദിക്കുന്നത്. ഇത്തരം തസ്തികകളിൽ റവന്യൂ വകുപ്പിലെ സ്ഥിരം ജീവനക്കാരെയാണ് നിയോഗിക്കുന്നത്. ടി തസ്തികകൾ കുറഞ്ഞ കാലത്തേയ്ക്കാണ് പ്രാരംഭ നിലയിൽ അനുമതി നൽകുന്നത്. എന്നാൽ ഇത്തരം താത്ക്കാലിക ഓഫീസുകളിലെ ജോലികൾ പൂർത്തിയാകാത്തതിനാലും, അധിക ജോലികൾ ഏല്പിക്കുന്നതിനാലും കാലാവധി കഴിഞ്ഞും തുടർന്ന് പ്രവർത്തിക്കേണ്ടതായി വരുന്നു. ലാന്റ് റവന്യൂ കമ്മീഷണർ തുടർച്ചാനുമതിയ്ക്കായി നൽകുന്ന പ്രൊപ്പോസൽ ബന്ധപ്പെട്ട ഭരണ വകുപ്പ് പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെയാണ് തുടർച്ചാനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ